**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1904** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് യൂണിവേഴ്സിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ എത്ര സബ് സെന്റർ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | സർവകലാശാല നേരിട്ട് നടത്തുന്ന 41 സ്വാശ്രയ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. |
| (ബി) | പേരാമ്പ്ര മണ്ഡലത്തിലെ ചാലിക്കര സബ് സെന്ററിൽ എത്ര കോഴ്സുകളിൽ പഠനം തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | അഞ്ചു പ്രോഗ്രാമുകൾ.<br>1. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്<br>2. ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ സയൻസ്<br>3. ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക്,<br>4. എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്<br>5. മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |
| (സി) | ചാലിക്കര സബ് സെന്ററിന്റെ വികസനത്തിന് സ്ഥലനിവാസികളിൽ നിന്നും എത്ര ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ, പേരാമ്പ്ര സ്ഥാപിക്കുന്നതിനായി 5 ഏക്കർ ഭൂമി നാഷണൽ എഡ്യുക്കേഷണൽ ട്രസ്റ്റ്, പേരാമ്പ്ര, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുണ്ട്. |
| (ഡി) | ചാലിക്കര സെന്ററിന്റെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ പേരാമ്പ്രയുടെ പ്രവർത്തനത്തിനായി സർവകലാശാലയ്ക്ക് നൊച്ചാട് ഗ്രാമപഞ്ചായത്ത് കൈമാറിയ 5 ഏക്കർ ഭൂമിയിൽ നടത്തേണ്ട നിർമ്മാണ പ്രവർത്തികൾ സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിനായി ക്ലാസ്റൂമുകൾ, ഓഫീസ്, ലാബ്, ലൈബ്രറി ഹാൾ, മറ്റനുബന്ധ സൗകര്യങ്ങൾ എന്നിവ നിർമിക്കാനാണ് സർവകലാശാല തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ